പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം T.2052 05.12.2018-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും പുരോഗതിയും വ്യക്തമാക്കാമോ; | (എ) 2017 ആഗസ്റ്റ് മാസം കേന്ദ്രസർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർനടപടികളെക്കുറിച്ച് തീരുമാനം എടുക്കുകയും ചെയ്യുന്നതാണ്. |

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാകാനുള്ള കടമ്പകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പുതുക്കിയ കേന്ദ്ര മെട്രോ റെയിൽ നയത്തിനനുസൃതമായി മാറ്റങ്ങൾ വരുത്തി പുതുക്കിയ പദ്ധതി രേഖ നിലവിൽ കേരള സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന മന്ത്രി സഭയുടെ അംഗീകാരത്തിനു ശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം പദ്ധതി യാഥാർത്ഥ്യമാകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ; ഇവയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കും എന്നറിയിക്കാമോ?

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവടങ്ങളിൽ മേൽപ്പാലങ്ങൾ, നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീകാര്യം ജംഗ്ഷനിൽ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള തുടർ നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു.

ഉള്ളൂർ മേൽപ്പാലത്തിനുള്ള അന്തിമ രൂപരേഖ അംഗീകരിക്കുകയും തുടർന്ന് 2017 ഡിസംബറിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. സാമൂഹികാഘാത പഠനം താമസിയാതെ പൂർത്തിയാകും അതിനുശേഷം മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടം മേൽപ്പാലത്തിനുള്ള പുതുക്കിയ രൂപരേഖ (പ്ലാമൂട് വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള) അംഗീകരിക്കുകയും 2018 ആഗസ്റ്റിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

സെക്ഷൻ ഓഫീസർ